LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ലൈസൻസികൾ, ഇന്റർസ്റ്റേറ്റ് എനർജി, പ്രൈവറ്റ് മേഖലയിലെ സ്ഥാപനങ്ങൾ, വ്യക്തികൾ ഇടങ്ങി എല്ലാ വിഭാഗത്തിലുമുൾപ്പെട്ട ഉപഭോക്താക്കൾ കുടിശ്ശിക വരുത്തിയതിൽ ഉൾപ്പെടുന്നു.

(ബി) പ്രൈവറ്റ് മേഖലാ സ്ഥാപനങ്ങളിൽ ഏറ്റവുമധികം കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം 2-ൽ നൽകിയിട്ടുണ്ട്.*

(സി) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ 2012-13 കാലയളവിൽ 375 ഉപഭോക്താക്കളിൽനിന്നും 223.53 കോടി രൂപയും 2013-14 കാലയളവിൽ 407 ഉപഭോക്താക്കളിൽനിന്നും 259.68 കോടി രൂപയും കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തു. എൽ.റ്റി. വിഭാഗത്തിൽനിന്നും 2012-13 കാലയളവിൽ 2557550 ഉപഭോക്താക്കളിൽനിന്ന് 176.16 കോടി രൂപയും 2013-14 കാലയളവിൽ 267940 ഉപഭോക്താക്കളിൽനിന്ന് 198.58 കോടി രൂപയും കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

കുടിശ്ശിക അടച്ചുതീർക്കാത്ത സ്ഥാപനങ്ങൾ

49 (7885) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക അടച്ചുതീർക്കാത്ത ഏതെങ്കിലും സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഭീമമായ കുടിശ്ശിക വരുത്തിയതിന് കണക്ഷൻ വിച്ഛേദിച്ച എത്ര സ്ഥാപനങ്ങളുണ്ട് ; പ്രസ്തുത സ്ഥാപനങ്ങളുടെ കുടിശ്ശികത്തുക സഹിതം ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ട്. എച്ച്.റ്റി. വിഭാഗത്തിന് പ്രധാനമായും കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഉപഭോക്താക്കൾ, സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ, മറ്റ് സർക്കാർ വിഭാഗത്തിൽ വരുന്ന ഉപഭോക്താക്കൾ എന്നിവർക്കും തവണ വ്യവസ്ഥയിൽ പണമടയ്ക്കുന്ന ഉപഭോക്താക്കൾക്കും കോടതിയുടെ നിർദ്ദേശപ്രകാരം മുഴുവൻ തുക അടയ്ക്കാതെ കണക്ഷൻ പുനഃസ്ഥാപിച്ചു കിട്ടിയവർക്കും മുഴുവൻ കുടിശ്ശിക അടച്ചില്ലെങ്കിൽ കൂടിയും വൈദ്യുതി ബന്ധം നിലനിർത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എൽ.റ്റി. വിഭാഗത്തിൽ വൈദ്യുത ചാർജ്ജ് കുടിശ്ശികയുള്ള സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജ്, ജില്ലാ/താലൂക്ക് ആശുപത്രികൾ, പോലീസ്, കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾ തുടങ്ങിയവയ്ക്ക് വീണ്ടും വൈദ്യുതി നൽകുന്നുണ്ട്. കോട്ടയം സർക്കിളിലെ കൈപ്പുഴ വെച്ചൂർ കായൽ കർഷക സഹകരണ സംഘത്തിന്റെ വൈദ്യുതി കണക്ഷനും സ്റ്റേ ഉത്തരവ് പ്രകാരം വീണ്ടും വൈദ്യുതി നൽകുന്നു. കൂടാതെ ഈ മാസം റിലയൻസ് ഇൻഫ്രാറ്റെൽ ലിമിറ്റഡിന്റെ മൊബൈൽ ടവറുകൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ജൂലൈ 15 വരെ സാവകാശം നൽകിയിട്ടുണ്ട്.

(ബി) എച്ച്.റ്റി./ഇ.എച്ച്.റ്റി. ഗണത്തിൽപ്പെടുന്ന സ്ഥാപനങ്ങളിൽ ഭീമമായ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ തുടങ്ങി 59 സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. * എൽ.റ്റി. വിഭാഗത്തിൽ ഒരു ലക്ഷംരൂപയിലധികം കുടിശ്ശിക വരുത്തിയതിന് കണക്ഷൻ വിച്ഛേദിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധം M ആയി ചേർക്കുന്നു.*

വൻകിട സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുതി ബിൽ

50 (7886) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ അടയ്ക്കാത്തതിന്റെ പേരിൽ കഴിഞ്ഞ ആറുമാസത്തിനിടെ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതികണക്ഷൻ കെ. എസ്. ഇ. ബി. വിച്ഛേദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ബോർഡ് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയത്ത് കോടിക്കണക്കിന് രൂപയുടെ വൈദ്യുത ബിൽ അടയ്ക്കാൻ ഒരു സ്വകാര്യ കമ്പനിക്ക് സാവകാശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റിലയൻസ് ഇൻഫ്രാടെൽ എന്ന സ്ഥാപനത്തിന് എത്ര കോടി രൂപയുടെ ബിൽ അടയ്ക്കുന്നതിനാണ് സാവകാശം നൽകിയതെന്നും ആരാണ് ഇതിന് നിർദ്ദേശം നൽകിയതെന്നും വ്യക്തമാക്കുമോ ;

(ഡി) വൻകിട സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുത ബിൽ യഥാസമയം പിരിച്ചെടുക്കാതെ ഇത്തരത്തിൽ സഹായം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്